**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2331** **12-10-2021 - ൽ മറുപടിയ്ക്ക്**

**കാഞ്ഞങ്ങാട് നിയോജകമണ്ഡലത്തിലെ കിഫ്ബി പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഇ ചന്ദ്രശേഖരൻ | | Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കാഞ്ഞങ്ങാട് നിയോജക മണ്ഡലത്തിൽ കിഫ്ബി മുഖാന്തരം നടപ്പിലാക്കുന്ന നീലേശ്വരം-എടത്തോട്, കിളിയളം-വരഞ്ഞൂർ റോഡുകളുടെ പ്രവൃത്തി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ; | (എ) | കാഞ്ഞങ്ങാട് നിയോജക മണ്ഡലത്തിലെ നീലേശ്വരം – ഇടത്തോട് റോഡ് പദ്ധതിയും കിളിയളം – വരഞ്ഞൂർ റോഡ് പദ്ധതിയും കിഫ്ബി ധനാനുമതി നൽകി നടപ്പിലാക്കി വരുന്നു. നീലേശ്വരം എടത്തോട് – പ്രവൃത്തിക്ക് 25 കോടി രൂപയുടെ ഭരണാനുമതിയും 42.1 കോടി രൂപയുടെ സാമ്പത്തിക അനുമതിയും ലഭ്യമായതും 29.59 കോടി രൂപയ്ക്ക് കരാർ ഒപ്പ വെച്ച് നിർമ്മാണം ആരംഭിച്ചിട്ടുള്ളതുമാണ്. പ്രവൃത്തിയിലെ ഗുണനിലവാരത്തിലുള്ള പോരായ്മയും കാലതാമസവും കാരണം 17.12.2020 ന് നിർമ്മാണം താത്കാലികമായി നിർത്തിവെക്കാൻ KRFB ക്ക് കിഫ്ബി നിർദ്ദേശം നൽകി. പോരായ്മകൾ പരിഹരിച്ച റിപ്പോർട്ട് കിഫ്ബിയ്ക്ക് ലഭിച്ചിട്ടില്ല. നാളിതു വരെ 4.68 കി മീ DBM വരെയുള്ള പ്രവൃത്തികൾ പൂർത്തീകരിച്ചു. കിളിയളം- വരഞ്ഞൂർ - പ്രവൃത്തിക്ക് 20 കോടിരൂപ യുടെ ഭരണാനുമതിയും 23.18 കോടി രൂപയുടെ സാമ്പത്തിക അനുമതിയും ലഭ്യമായതും 25.15 കോടി രൂപയ്ക്ക് കരാർ ഒപ്പ വെച്ച് നിർമ്മാണം ആരംഭിച്ചിട്ടുള്ളതുമാണ്. പ്രവൃത്തിയിലെ ഗുണനിലവാരത്തിലുള്ള പോരായ്മയും കാലതാമസവും കാരണം 21.05.2021 ന് നിർമ്മാണം താത്കാലികമായി നിർത്തിവെക്കാൻ KRFB ക്ക് കിഫ്ബി നിർദ്ദേശം നൽകിയിരുന്നു. പോരായ്മകൾ പരിഹരിച്ചതിന്റെ അടിസ്ഥാനത്തിൽ 12.08.2021 ന് സസ്പെൻഷൻ പിൻവലിക്കാൻ നിർദ്ദേശം നൽകി. നാളിതു വരെ ഈ പ്രവൃത്തിയുടെ 3.3 കി മീ WMM പൂർത്തീകരിച്ചു. കൂടാതെ 95% കലുങ്കുകളുടെ പ്രവൃത്തികളും പൂർത്തീകരിച്ചു. പാർശ്വസംരക്ഷണ ഭിത്തിയുടെയും ഓടയുടെയും നിർമ്മാണം പുരോഗമിക്കുന്നു. |
| (ബി) | പ്രസ്തുത പ്രവൃത്തികൾ അടിയന്തരമായി പൂർത്തീകരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് | (ബി) | 1) നീലേശ്വരം-എടത്തോട് പ്രവൃത്തിയുടെ സസ്പെൻഷൻ പിൻവലിക്കുന്നതിനായുള്ള |

| | | | |
|---|---|---|---|
| | സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ? | | മാർഗനിർദ്ദേശങ്ങൾ KRFB ക്ക് നൽകി. പോരായ്മകൾ പരിഹരിച്ച് റിപ്പോർട്ട് കിഫ്ബിയിക്ക് ലഭിക്കുന്ന മുറയ്ക്ക് നിർമ്മാണം പുനരാരംഭിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. 2) കിളിയളം- വരഞ്ഞൂർ പ്രവൃത്തിയുടെ പൂർത്തീകരണത്തിനായി സസ്പെൻഷൻ പിൻവലിക്കുന്നതിനായുള്ള മാർഗനിർദ്ദേശങ്ങൾ KRFB ക്ക് നല്കുകയും തൽഫലമായി KRFB യുടെ ഉറപ്പിന്മേലും പരിഹാരപ്രവർത്തികളുടെയും അടിസ്ഥാനത്തിലും 12.08.2021 ന് പ്രവൃത്തി പുനരാരംഭിക്കുകയും ചെയ്തു. |

സെക്ഷൻ ഓഫീസർ